**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1213** **07-12-2022 - ൽ മറുപടിയ്ക്ക്**

**തെരുവ് നായകൾക്ക് പേവിഷ പ്രതിരോധ കുത്തിവെപ്പ് നടത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരുവുനായ ആക്രമണങ്ങളും പേവിഷബാധമൂലമുള്ള മരണങ്ങളും വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ തെരുവുനായകൾക്ക് പൂർണ്ണമായും പേവിഷ പ്രതിരോധ കുത്തിവെപ്പ് നൽകുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | **പേവിഷബാധ നിർമ്മാർജനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ് നടത്തുന്നതിനു വേണ്ടി പഞ്ചായത്തു തലത്തിൽ 170 ഹോട്ട് സ്പോട്ടുകൾ മൃഗസംരക്ഷണ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. പേവിഷ പ്രതിരോധ വാക്സിൻ സൗജന്യമായി മൃഗസംരക്ഷണ വകുപ്പ് വിതരണം ചെയ്യും. ഡോഗ് ക്യാച്ചർമാർ, വാഹനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നതാണ്. പേവിഷനിയന്ത്രണവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ മുഖാന്തിരം 506 ഡോഗ് ക്യാച്ചർമാർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. തെരുവുനായ്ക്കളിൽ, 01.09.2022 മുതൽ 30.11.2022 വരെ 11651 എണ്ണം പേവിഷ പ്രതിരോധ കുത്തിവയ്പ് നടത്തിയിട്ടുണ്ട്.** |
| (ബി) | പേവിഷബാധ സംശയിക്കപ്പെടുന്ന മേഖലകളിൽ തെരുവുനായകൾക്ക് അടിയന്തരമായി പേവിഷ പ്രതിരോധ കുത്തിവെപ്പ് നടത്തേണ്ടതിന്റെ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | **ഉണ്ട്. തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ് നടത്തുന്നതിനു വേണ്ടി പഞ്ചായത്തു തലത്തിൽ ഹോട്ട് സ്പോട്ടുകൾ മൃഗസംരക്ഷണ വകുപ്പ് കണ്ടെത്തുകയും പ്രതിരോധ കുത്തിവയ്പ് നടത്തി വരുകയും ചെയ്യുന്നു.** |
| (സി) | ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് പരിശീലനം ലഭിച്ച നായപിടുത്തക്കാരെ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കൂടുതൽ പേർക്ക് നായപിടുത്തത്തിൽ പരിശീലനം നൽകി പ്രതിരോധ കുത്തിവെപ്പ് ഊർജ്ജസ്വലമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | **നിലവിൽ കുടുംബശ്രീ മുഖാന്തിരമുള്ള എബിസി പ്രവർത്തനങ്ങൾക്ക് നിയോഗിച്ചിരുന്ന ഡോഗ് ക്യാച്ചർമാരെയാണ് പേവിഷ പ്രതിരോധ കുത്തിവെയ്പിനു വേണ്ടി തെരുവുനായ്ക്കളെ പിടികൂടുന്നതിന് നിയോഗിച്ചിട്ടുള്ളത്. മൃഗസംരക്ഷണവകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ** |

| | | | |
|---|---|---|---|
| | | | **വഴി 506 ഡോഗ് ക്യാച്ചർമാർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.** |
| (ഡി) | മൃഗങ്ങൾക്ക് നൽകുന്ന പേവിഷ പ്രതിരോധ വാക്സിനുകളുടെ ഗുണമേന്മ ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | **ഉണ്ട്. പേവിഷ ബാധയ്ക്കെതിരായുള്ള anti rabies വാക്സിനുകളുടെ ഗുണമേന്മ ഉറപ്പ് വരുത്താനായി minimum 2.5 IU / ml potency ഉള്ള vaccine ആണ് സപ്ലൈ ചെയ്തിട്ടുള്ളത്.** |

സെക്ഷൻ ഓഫീസർ